**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5574** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പട്ടികയിലുൾപ്പെട്ട ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് വീടുകൾ നിർമ്മിച്ച നൽകുന്നതിന് സ.ഉ (കൈ) നം. 85/2020/ത.സ്വ.ഭ.വ, തീയതി 28.05.2020 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗുണഭോക്താക്കൾ ഭൂമി സ്വന്തമായി വാങ്ങുക, ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ധനസഹായം നൽകുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായുള്ള ഭൂമിയിൽ നിന്ന് 3 സെന്റ് വീതം ഗുണഭോക്താക്കൾക്ക് നൽകുക എന്നിവ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഭൂമി ലഭ്യമാകുന്നവർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. ഇതുകൂടാതെ സർക്കാർ ഭൂമിയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയോ ലഭ്യമായിടത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതുമാണ്. ഇപ്രകാരമുള്ള 36 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ ഭൂരഹിതരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | നിലവിലുള്ള പട്ടികയിൽ ഉൾപ്പെടാതെ പോയവരെ ഉൾപ്പെടുത്തുന്നതിനായി 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും പിന്നീട് 2021 ഫെബ്രുവരി മാസത്തിലും അപേക്ഷ സ്വീകരിക്കുകയുണ്ടായി. ഇപ്രകാരം ഭൂരഹിത ഭവനരഹിതരായ 2,78,608 പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ സൂക്ഷ്മപരിശോധന 2021 നവംബർ 1-ന് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ